ഉത്തരം

(എ&ബി)	1.	ലോവർ ഡിവിഷൻ ക്ലാർക്ക്	-	65
	2.	ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	-	7
	3.	പ്യൂൺ	-	40
	4.	സ്വീപ്പിംഗ് റൂം ഗാർഡ്	-	35
	5.	ഫുൾടൈം ശാന്തി	-	25
	6.	പാർട്ട് ടൈം ശാന്തി	-	52
	7.	കഴകം	-	47
	8.	തളി	-	46
	9.	വാച്ചർ	-	93

(സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ.

(ഡി) ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10%-മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. നിലവിലെ നിയമ പ്രകാരം സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനമെടുക്കേണ്ടത് അതാത് ദേവസ്വം ബോർഡുകളാണ്.

ക്ഷേത്രനടയിൽ സമർപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ മുതൽക്കൂട്ട് രീതി

154(843) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന വിവിധ ഉത്പന്നങ്ങൾ ലേലം വഴിയോ മറ്റ് ഏതെങ്കിലും നടപടികളിലൂടെയോ ആണോ മുതൽ കൂട്ടുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലേലത്തിനും മറ്റും പൊതുജനങ്ങൾക്ക് ഏതുരീതിയിലാണ് പങ്കെടുക്കുവാൻ കഴിയുന്നതെന്നും ലഭിച്ച ഉത്പന്നങ്ങളെ സംബന്ധിച്ചുള്ള വിവരണം ഏതു രീതിയിലാണ് പരസ്യപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) മേൽനടപടികൾ സംബന്ധിച്ചുള്ള പരാതികളും അഭിപ്രായങ്ങളും ആരെയാണ് അറിയിക്കേണ്ടതെന്നും ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ക്ഷേത്രങ്ങളിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന ശർക്കര, പഞ്ചസാര എന്നിവ ക്ഷേത്രത്തിലെ നിത്യനിദാനത്തിന് ആവശ്യമെങ്കിൽ ആയവയ്ക്ക് ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള റേറ്റ് കണക്കാക്കി തുക എഴുതി ഒടുക്കുവരുത്തി ആയവ ഉപയോഗിക്കുവാൻ ചുമതലക്കാർക്ക് നിർദ്ദേശം നൽകി ഉത്തരവ് നൽകാറുണ്ട്. മറ്റുള്ള വകകൾ ലേലം ചെയ്ത് ദേവസ്വം ഫണ്ടിൽ മുതൽക്കൂട്ടുകയാണ് ചെയ്യുവരുന്നത്. നടവരവായി ലഭിക്കുന്ന സാധനങ്ങൾക്ക് ക്രമ പ്രകാരം രസീത് നൽകുകയും അവയിൽ സൂക്ഷിച്ചുവയ്ക്കുവാൻ കഴിയാത്തവ അന്ന് തന്നെ സബ് ഗ്രൂപ്പ് ഓഫീസർ ലേലം ചെയ്യുകയും തുക ദേവസ്വം ഫണ്ടിൽ ഒടുക്കു വരുത്തുകയും മറ്റുള്ളവയുടെ വിവരം അസിസ്റ്റന്റ് കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്ത് നിശ്ചിത ഇടവേളകളിൽ ലേല ഡയറി പ്രകാരം ലേലം ചെയ്ത് മുതൽക്കൂട്ടുകയുമാണ് ചെയ്യുവരുന്നത്.

(സി&ഡി) ലേല പരസ്യം പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രസിദ്ധപ്പെടുത്തുകയും ഒരു കോപ്പിയിൽ ലേലത്തിൽ പങ്കെടുത്തവരെയെല്ലാംകൊണ്ട് ഒപ്പിടുവിക്കുകയും ചെയ്യുവരുന്നു. ഇതു സംബന്ധിച്ചുള്ള പരാതികളും അഭിപ്രായങ്ങളും ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണറെ അറിയിക്കാവുന്നതാണ്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതാത് സമയത്തെ ലേല വിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്.

"മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് ശ്രുപീകരണം"

155(844) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസ് ശ്രുപീകരിക്കുന്നതു സംബന്ധിച്ച് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള സി3/ 40905/13 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly